ആവശ്യമുണ്ട്. പ്രസ്തുത ഭാഗങ്ങൾ വാങ്ങി റിപ്പയർ നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കൊല്ലം ജില്ലയിലെ കിളികൊല്ലൂരുള്ള ബാബു എന്ന രോഗി ആരോഗ്യവകുപ്പ് സെക്രട്ടറിക്കും, മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്.

(ജി) രണ്ട് യന്ത്രങ്ങൾ ഉള്ളതിൽ ഒന്നിന്റെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. മറ്റേതു പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

138 (1742) സർക്കാർ ആശുപത്രികളിൽ പേ വാർഡിൽ പ്രവേശനം നൽകാൻ നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽകോളേജ് ആശുപത്രികൾ ഒഴികെ സംസ്ഥാനത്തെ മറ്റൊരു ആശുപത്രിയിലും രോഗികൾക്ക് പേ വാർഡുകളിൽ പ്രവേശനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് സംസ്ഥാനത്ത് ഇങ്ങനെയൊരു അവസ്ഥ ഉണ്ടായതെന്നും ഇതിന് കാരണമെന്താണെന്നും വെളിപ്പെടുത്തുമോ;

(സി) രോഗികൾക്ക് പേ വാർഡുകളിൽ പ്രവേശനം നൽകാൻ ഇതേവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഏതാനും ആശുപത്രികളിലെ പേവാർഡുകളിൽ രോഗികൾക്ക് പ്രവേശനം നൽകുന്നില്ല എന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(സി) പേവാർഡുകളിൽ രോഗികളെ പ്രവേശിപ്പിക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് ഇപ്പോൾ ആശുപത്രി സൂപ്രണ്ടുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

139 (1743) ഹെപ്പറ്റൈറ്റിസ് വാക്സിൻ

ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാരാഘവൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹെപ്പറ്റൈറ്റിസ് വാക്സിൻ നൽകിയ കുട്ടികളിൽ നല്ലൊരു ശതമാനത്തോളം കുട്ടികൾക്ക് അത് ഫലപ്രാപ്തിയിലെത്താതിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ ഇത്തരം ഹെപ്പറ്റൈറ്റിസ് വാക്സിൻ നൽകുന്ന രോഗികൾക്ക് പ്രതീക്ഷിച്ച തോതിൽ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കാറുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly